# ഡയറ്റ് എറണാകുളം പൊതു വിദ്യാഭ്യാസ വകുപ്പ്
## വൈഭവം 2021
## എസ്.എസ്.എൽ.സി അക്കാദമിക പിന്തുണ
## സാമൂഹ്യശാസ്ത്രം – സെറ്റ് 1

സ്റ്റാൻഡേർഡ് –X                                   സമയം : 45 മിനിറ്റ്

**T 3**                                   ആകെ : സ്കോർ : 20

---

**പൊതു നിർദ്ദേശങ്ങൾ**

10 മിനിറ്റ് സമാശ്വാസ സമയം ആണ്.

ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനൂം ഉപയോഗിക്കുക

ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക

ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

1 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്കു പരമാവധി ലഭിക്കുന്ന സ്കോർ 20 ആയിരിക്കും.

---

1. **a** മുതൽ **d** വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം

**a)** ഉഷ്ണകാലത്തിനും, ശൈത്യകാലത്തിനും ഇടയിലുള്ള പരിവർത്തനകാലം

**b)** ഉത്തരാർദ്ധ ഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും എറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്ന ദിനം

**c)** പ്രാതിനിധ്യമില്ലാതെ നികുതിയില്ല "ഈ മുദ്രാവാക്യം ഏതു വിപ്ലവവുമായി ബന്ധപ്പെട്ടതാണ്

**d)** ഫ്രാൻസിലെ ഗവൺമെന്റ് കർഷകരിൽ നിന്നും പിരിച്ചിരുന്ന നികുതി ഏതു പേരിൽ അറിയപ്പെടുന്നു.

2 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം

2) ഭൂമിയിൽ വ്യത്യസ്ത ഋതുക്കൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

3) അന്താരാഷ്ട്ര ദിനാങ്കരേഖയുടെ പ്രാധാന്യം വ്യക്തമാക്കുക?

4) മെർക്കന്റലിസത്തിന്റെ ഭാഗമായി ബ്രിട്ടീഷുകാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നിയമങ്ങൾ ഏതെല്ലാം?

5) സൂര്യന്റെ അയനവുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന ദിനങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുക?

6) ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വിശദമാക്കുക?

7) റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ വിശദമാക്കുക?

8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം

8) താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ സാഹചര്യങ്ങൾ വിശദമാക്കുക.

- ഫ്രഞ്ച് സമൂഹം
- ചിന്തകന്മാരും ആശയങ്ങളും.

9) ഒക്ടോബർ വിപ്ലവത്തിന് റഷ്യയുടെ ചരിത്രത്തിലുള്ള പ്രാധാന്യം വിശദമാക്കുക?

10) ഗ്രീനിച്ച് സമയം ഉച്ചയ്ക്ക് 12 മണിയായിരിക്കുമ്പോൾ ഇന്ത്യയിലെ സമയം എത്രയായിരിക്കും.?

11) ഉത്തരായനവും ദക്ഷിണായനവും വിശദമാക്കുക?

******